# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **7922** **16.07.2014**- ലെ മറുപടിക്ക്

**മിഷൻ 676 പ്രകാരം വയനാട് ജില്ലയിലെ പദ്ധതികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം.വി.ശ്രേയാംസ് കുമാർ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന സർക്കാരിന്റെ മിഷൻ 676ന്റെ (എ) ഭാഗമായി സഹകരണ വകുപ്പ് വയനാട് ജില്ലയിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | മിഷൻ 676–ന്റെ ഭാഗമായി സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ചുവടെ പരാമർശിക്കുന്ന പദ്ധതികൾ വയനാട് ജില്ലയിലും നടപ്പിലാക്കുന്നതാണ്.<br><br>1. ജില്ലയിലെ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 2 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ ആരംഭിക്കും.<br>2. 100 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി. പദ്ധതിയിലും ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ സംഘങ്ങളെയും പുനരുദ്ധരിക്കും.<br>3. കെ.ജി.റ്റി.ഇ/മറ്റ് സർക്കാർ ഏജൻസികളുടെ അംഗീകാരമുള്ള വിവിധ കോഴ്സുകളിലേയ്ക്ക് എസ്.സി/എസ്.റ്റി. വിഭാഗത്തിലുള്ള യുവ തലമുറയ്ക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി . ജില്ലയിലും സ്ഥാപനങ്ങൾ ആരംഭിക്കുന്നതും, അത്തരം സംഘങ്ങൾക്ക് ധനസഹായം നൽകുന്നതുമാണ്.<br>4. മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി ഭവനങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പലിശ രഹിത വായ്പ നൽകുന്ന പദ്ധതിയുടെ ഭാഗമായി ജില്ലയിലെ സഹകരണ സംഘങ്ങൾ മുഖേന വായ്പ നൽകും.<br>5. പ്രവാസികൾക്ക് ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് സഹകരണ മേഖലയിൽ നിന്നും വായ്പ നൽകുന്നതിന്റെ ഭാഗമായി ജില്ലയിലെ ചെറുകിട വ്യവസായ പദ്ധതികൾക്ക് ധനസഹായം നൽകുന്നതാണ്. |

6. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെയും തിരഞ്ഞെടുക്കപ്പെടുന്ന സംഘങ്ങളെ പുനരുദ്ധരിക്കും.
7. സഹകരണ സംഘങ്ങളിൽ പുതുതായി അംഗത്വം എ ടുക്കുന്നവർക്കുവേണ്ടി സഹകരണ നിയമം, ചട്ടം, മറ്റ് നിയമങ്ങൾ എന്നിവയെ സംബന്ധിച്ച് ഓരോ താലൂക്ക് കേന്ദ്രീകരിച്ചും പരിശീലന പരിപാടികൾ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തും.
8. സൗരോർജ്ജ സംവിധാനം നടപ്പിലാക്കുന്നതിന് അംഗങ്ങൾക്കും സ്ഥാപനങ്ങൾക്കും ജില്ലയിലെ സഹകരണ വായ് പാ സ്ഥാപനങ്ങൾ/ബാങ്കുകൾ മുഖേന വായ്പയും, സബ്സിഡിയും അനുവദിക്കും.
9. ജില്ലയിലെ സഹകരണ സംഘങ്ങളിലൂടെ മഴ വെള്ള സംഭരണ പദ്ധതി നടപ്പിലാക്കി, മഴ വെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കും.
10. സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കണ്ടു പഠിക്കുന്നതിനായി മികവ് കൈമാറ്റ സമ്പർക്ക പരിപാടി ജില്ലയിലും നടപ്പിലാക്കും.
11. സ്ക്കൂൾ, കോളേജ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കും.
12. ജില്ലയിലെ ത്രിവേണി സൂപ്പർമാർക്കറ്റുകൾ, നീതി സ്റ്റോറുകൾ (നീതി മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെ), നന്മ സ്റ്റോറുകൾ, നീതി ഗ്യാസ് എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്/ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

| | |
|---|---|
| ബി) ജില്ലയിലെ കാർഷിക മേഖലയിലെ സാധ്യതകൾ കണക്കിലെടുത്ത് ജൈവ കാർഷിക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററുകളിലൂടെ ജൈവ കാർഷിക പദ്ധതി വയനാട് ജില്ലയിലും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ